REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റിന്റെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനം ആരംഭിച്ചു. ഭരണഘടനയുടെ 131-ാം ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കുന്നതിനെ 207 എംപിമാർ അനുകൂലിച്ചു.**
- **സ്ത്രീ ശാക്തീകരണത്തിന് രാജ്യം ചരിത്രപരമായ നടപടികൾ സ്വീകരിക്കാൻ ഒരുങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും തെരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിച്ചു.**
- **ആണവ സമ്പുഷ്ടീകരണ അവകാശത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് ഇറാൻ.**
- **സംസ്ഥാനത്തെ SSLC പരീക്ഷാ മൂല്യനിർണയം ആരംഭിച്ചു.**
- **IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

പാർലമെന്റിന്റെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനം ആരംഭിച്ചു. ഭരണഘടനയുടെ 131-ാം ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കുന്നതിനെ 207 എംപിമാർ അനുകൂലിച്ചു. 126 പേർ ബില്ലിനെ എതിർത്തു.

വനിതാ സംവരണ ഭേദഗതി ബിൽ , മണ്ഡല പുനർനിർണയ ബിൽ, കേന്ദ്രഭരണ നിയമ ഭേദഗതി എന്നിങ്ങനെ മൂന്ന് ബില്ലുകളാണ് സഭയിൽ

അവതരിപ്പിക്കാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായാണ് മൂന്ന് ദിവസത്തെ പ്രത്യേക പാർലമെന്റ് സമ്മേളനം ചേരുന്നത്.

അടുത്ത സെൻസസ് വരെ കാത്തിരിക്കാതെ 2011 ലെ സെൻസസ് അടിസ്ഥാനമാക്കി മണ്ഡല പുനർനിർണയവും വനിതാ സംവരണവും ഏർപ്പെടുത്തുന്നതിനാണ് 131-ാം ഭരണഘടനാ ഭേദഗതി ബിൽ. 2028- ൽ നടപ്പാക്കുന്ന മണ്ഡല പുനർനിർണയത്തിന് ശേഷം വനിതാ സംവരണം ഏർപ്പെടുത്തുകയെന്നതാണ് 2023ൽ പാസാക്കിയ നാരീ ശക്തി വന്ദൻ അധിനിയത്തിലെ വ്യവസ്ഥ.

ലോക്സഭയിൽ ബിൽ 18 മണിക്കൂർ ചർച്ച ചെയ്യാനാണ് തീരുമാനം. രാജ്യസഭയിൽ 16 മണിക്കൂറാണ് ചർച്ച.

✪✪✪

ഇന്ന് ആരംഭിച്ച പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ, സ്ത്രീ ശാക്തീകരണത്തിന് രാജ്യം ചരിത്രപരമായ നടപടികൾ സ്വീകരിക്കാൻ ഒരുങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അമ്മമാരോടും സഹോദരിമാരോടും കാണിക്കുന്ന ബഹുമാനം രാഷ്ട്രത്തോട് പുലർത്തുന്ന ബഹുമാനമാണെന്നും അദ്ദേഹം സമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പാർലമെന്റിലെ വനിതാ സംവരണ ബിൽ ഇന്ത്യയുടെ വികസനത്തിൽ സ്ത്രീകളുടെ ശക്തി ഉറപ്പാക്കുന്ന ചരിത്ര നിമിഷമാണെന്ന് രാജ്യസഭയിലെ BJP എംപി മേധാ കുൽക്കർണി പറഞ്ഞു. രാജ്യത്തെ മുഴുവൻ സ്ത്രീകളും ഇതിന് പിന്തുണയ്ക്കുന്നതായും അതിന് നരേന്ദ്രമോദിയോട് നന്ദി പറയുന്നതായും അവർ പറഞ്ഞു.

✪✪✪

BJP-യുടെ മണ്ഡല പുനർനിർണയ തീരുമാനം ഏകപക്ഷീയമായ നീക്കമാണെന്ന് AICC സംഘടനാ ജനറൽ സെക്രട്ടറി KC വേണുഗോപാൽ ആരോപിച്ചു. വനിതാ സംവരണം ഒട്ടും വൈകാതെ നടപ്പാക്കണമെന്നും എന്നാൽ മണ്ഡല പുനർനിർണയം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കുമെന്നും വേണുഗോപാൽ പറഞ്ഞു. നിരന്തരം കേരളത്തോട് കേന്ദ്രഗവൺമെന്റ് അവഗണനയാണ് കാണിക്കുന്നതെന്നും മണ്ഡല പുനർനിർണയ ബിൽ പാസാക്കാൻ അനുവദിക്കില്ലെന്നും വേണുഗോപാൽ മാധ്യമങ്ങളോട് വ്യക്തമാക്കി.

✪✪✪

ഇന്ത്യ - ഓസ്ട്രിയ വ്യാപാര-സാമ്പത്തിക ബന്ധങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഓസ്ട്രിയൻ ചാൻസലർ ക്രിസ്റ്റ്യൻ സ്റ്റോക്കറും ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, ഹരിത സാങ്കേതികവിദ്യ തുടങ്ങിയ നിർണ്ണായക മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിലാണ് ഇരു നേതാക്കളും പ്രധാനമായും ചർച്ച നടത്തിയത്.

കൂടിക്കാഴ്ചയ്ക്ക് മുന്നോടിയായി ചാൻസലർ സ്റ്റോക്കർ രാജ്ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് ആദരമർപ്പിച്ചു. സമാധാനത്തിന്റെയും അഹിംസയുടെയും ഗാന്ധിയൻ സന്ദേശങ്ങളെ അദ്ദേഹം സ്മരിച്ചു.

✪✪✪

തമിഴ്നാട്ടിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് അഞ്ച് ദിവസം ശേഷിക്കെ സംസ്ഥാനത്ത് മുന്നണികളും സ്ഥാനാർത്ഥികളും റോഡ് ഷോകളും റാലികളുമായി ആവേശത്തിരക്കിലായി. പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ ദിവസം നാഗർകോവിലിൽ റോഡ് ഷോ യിൽ പങ്കെടുത്ത് NDA പ്രചാരണത്തിന് കൂടുതൽ മിഴിവ് നൽകി. മുഖ്യമന്ത്രി എം കെ സ്റ്റാലിൻ കേന്ദ്ര ഗവൺമെന്റിന്റെ മണ്ഡല പുനർനിർണയ തീരുമാനത്തിൽ പ്രതിഷേധിച്ച് തമിഴ്നാട്ടിൽ ഇന്ന് കരിദിനത്തിന് ആഹ്വാനം ചെയ്തിട്ടുണ്ട്. തുടർ ദിവസങ്ങളിലെ DMK പ്രചാരണം മണ്ഡല പുനർനിർണയത്തെ കേന്ദ്രീകരിച്ചായിരിക്കുമെന്നാണ് കരുതുന്നത്.

ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി വരും ദിവസങ്ങളിൽ തമിഴ്നാട്ടിൽ പ്രചാരണത്തിന് എത്തുന്നുണ്ട്. രാഹുലിന്റെ പര്യടനത്തിന് തമിഴ്നാട് കോൺഗ്രസ് ഘടകം അന്തിമ രൂപം നൽകിയിട്ടുണ്ട്.

✪✪✪

ചെന്നൈ ടീനഗറിൽ അനധികൃത റോഡ് ഷോ നടത്തിയ തമിഴക വെട്രി കഴകം നേതാവും നടനുമായ വിജയ് ക്കെതിരെ പൊലീസ് കേസെടുത്തു. തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ലംഘിച്ചെന്ന് ഫ്ലൈയിംഗ് സ്ക്വാഡ് നൽകിയ പരാതിയെ തുടർന്നാണ് കേസ്. സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് കേസുകളാണ് രജിസ്റ്റർ ചെയ്തത്.

പാർട്ടിയുടെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രകടനപത്രിക ഇന്ന് ചെന്നൈയിൽ പുറത്തിറക്കും. നുങ്കംപാക്കത്തെ ഒരു ഹോട്ടലിലാണ് വൈകിട്ട് പ്രകടന പത്രിക പുറത്തിറക്കുന്ന ചടങ്ങ്. പരിപാടിയിൽ പങ്കെടുക്കുന്നതിന് 800 പാർട്ടി പ്രവർത്തകർക്കാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ പശ്ചിമബംഗാളിൽ പ്രചാരണം കൂടുതൽ സജീവമായി. BJPയുടെ മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്നലെ വടക്കൻ ബംഗാളിലെ ഡാർജിലിംഗിലും ജൽപായ് ഗുഡിയിലും പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു. ആലിപ്പൂർ ദുവാറിലെ റാലിക്ക് ശേഷം കൂച്ച് ബിഹാറിലെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിലും അമിത് ഷാ പ്രസംഗിച്ചു. കേന്ദ്രമന്ത്രി നിർമ്മല സീതാരാമനും മുൻ കേന്ദ്രമന്ത്രി സ്മൃതി ഇറാനിയും ബംഗാളിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമാണ്.

തൃണമൂൽ കോൺഗ്രസ് അധ്യക്ഷയും മുഖ്യമന്ത്രിയുമായ മമത ബാനർജി, വടക്കൻ ദിനാജ്പുർ ജില്ലയിലെ പൊതുയോഗത്തിലും, സിലിഗുഡി, ചൽസ എന്നിവിടങ്ങളിലെ റോഡ് ഷോയിലും പങ്കെടുത്തു.

✪✪✪

ആന്ധ്രപ്രദേശിലെ കർണൂൽ ജില്ലയിൽ ചിലകലഡോൺ ഗ്രാമത്തിന് സമീപം പുലർച്ചെയുണ്ടായ വാഹനാപകടത്തിൽ അഞ്ച് സ്ത്രീകളും ഒരു കുട്ടിയും രണ്ട് പുരുഷന്മാരും ഉൾപ്പെടെ എട്ട് തീർത്ഥാടകർ മരിച്ചു. നിരവധിപേർക്ക് പരിക്കേറ്റു. ജീപ്പ് റെഡിമിക്സ് ടാങ്കറുമായി ഇടിച്ചാണ് അപകടമുണ്ടായത്. കർണാടക ചിക്ബല്ലാപൂർ ജില്ലയിലെ ഉദായി ഗ്രാമവാസികളാണ് മരിച്ചത്.

അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം അറിയിച്ചു. മരിച്ചവരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയും പരുക്കേറ്റവർക്ക് 50,000 രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചതായും പ്രധാനമന്ത്രി സമൂഹ മാധ്യമ കുറിപ്പിൽ അറിയിച്ചു.

✪✪✪

ആണവ സമ്പുഷ്ടീകരണ അവകാശത്തിൽ ഒരു വിട്ടു വീഴ്ചയ്ക്കും തയ്യാറല്ലെന്ന് ഇറാൻ വ്യക്തമാക്കി. അന്താരാഷ്ട്ര നിയമങ്ങൾക്കും ആണവ നിർവ്യാപന ഉടമ്പടിയ്ക്കും വിധേയമായിട്ടായിരിക്കും ഇറാന്റെ പ്രവർത്തനമെന്നും വിദേശ മന്ത്രാലയ വക്താവ് ഇസ്മയിൽ ബാകേയി പറഞ്ഞു. സമാധാനപരമായ ആവശ്യങ്ങൾക്ക് ആണവ ഇന്ധനം സമ്പുഷ്ടീകരിക്കാൻ രാജ്യത്തിന് അവകാശമുണ്ടെന്നും ഇതിന്റെ പേരിൽ ആരുടെയും സൗജന്യം ഇറാന് ആവശ്യമില്ലെന്നും വക്താവ് വിശദീകരിച്ചു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിൽ അയവുവരുന്നുവെന്ന സൂചനകൾക്കിടയിൽ ഇന്ത്യൻ ഓഹരി വിപണി ഇന്ന് വലിയ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു.

സെൻസെക്സ് 566 പോയിന്റ് ഉയർന്ന് 78,677 എന്ന നിലയിലും നിഫ്റ്റി 154 പോയിന്റ് ഉയർന്ന് 24,385 എന്ന നിലയിലുമാണ് ഇന്ന് വ്യാപാരം തുടങ്ങിയത്.

✪✪✪

സംസ്ഥാനത്തെ SSLC പരീക്ഷാ മൂല്യനിർണയം ആരംഭിച്ചു. നേരത്തെ ഏപ്രിൽ ആറിന് ആരംഭിക്കാനിരുന്ന മൂല്യനിർണയം വോട്ടെടുപ്പിനെ തുടർന്ന് മാറ്റുകയായിരുന്നു. മൂന്ന് ഘട്ടമായി മൂല്യനിർണയം പൂർത്തിയാക്കും. ആദ്യഘട്ടം ഇന്ന് മുതൽ ഈ മാസം 18 വരെയും, രണ്ടാംഘട്ടം 20 മുതൽ ഈ മാസം 25 വരെയും, മൂന്നാം ഘട്ടം 27 മുതൽ മേയ് രണ്ട് വരെയുമാണ്.

മെയ് രണ്ടാം വാരത്തോടെ പരീക്ഷാഫലം പ്രഖ്യാപിക്കും.

✪✪✪

കണ്ണൂർ ജില്ലയിലെ രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്ന പ്രദേശങ്ങളെ പഠന വിധേയമാക്കാൻ വാട്ടർ വളണ്ടിയർ സേന രംഗത്തിറങ്ങുന്നു. ജലക്ഷാമത്തിലേക്ക് നയിച്ച കാരണങ്ങൾ കണ്ടെത്താൻ ലക്ഷ്യമിട്ടാണ് പഠനം സംഘടിപ്പിക്കുന്നത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

......വോയ്സ്.......

ഹരിത കേരളം മിഷൻ ,ശുചിത്വ മിഷൻ ഭൂജല വകുപ്പ് ,സന്നദ്ധ സംഘടനയായ മോർ എന്നിവ സംയുക്തമായാണ് വാട്ടർ വളണ്ടിയർ പ്രവർത്തനം സംഘടിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തെ ജലക്ഷാമ പ്രദേശങ്ങളുടെ സ്ഥിതിയും ഈ വർഷത്തെ അവസ്ഥയും പരിഗണിച്ചാണ് പഠന വിധേയമാക്കേണ്ടുന്ന പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നത്. കിണറുകളിലെ ജലത്തിന്റെ താഴ്ചയുടെ സ്വഭാവം , പ്രദേശത്തെ മണ്ണിന്റെ ഘടന, വീടുകളിലെ മഴവെള്ള കൊയ്ത്തിന്റെ സ്ഥിതി, ജലത്തിന്റെ ഗുണനിലവാരം, പ്രദേശത്തെ ജനസാന്ദ്രത, തുറന്ന കിണറുകളുടെ എണ്ണം, തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് പഠനം നടത്തുക.

ഓരോ പ്രദേശത്തെയും ജലക്ഷാമം സുസ്ഥിരമായി ഒഴിവാക്കാൻ ഉള്ള നിർദ്ദേശങ്ങൾ കൂടി പഠനത്തിന്റെ ഭാഗമായി തയ്യാറാക്കും. കൊടുംചൂട് കാരണം ജില്ലയിലെ കിണറുകളിലെ ജലനിരപ്പ് കുത്തനെ താഴുന്നതായി ഭൂജല വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഭൂജല വകുപ്പ് സ്ഥാപിച്ച നിരീക്ഷണ കിണറുകളിൽ ഫെബ്രുവരി മാസം വലിയ തോതിൽ ജലവിതാനം താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ട്.

✪✪✪

വയനാട്ടിൽ ചൂട് വർദ്ധിച്ചതോടെ കനത്തതോടെ ക്ഷീരകർഷകർ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ആവശ്യത്തിന് തീറ്റപ്പുല്ല് ഇല്ലാത്തതും ഉത്പാദന ചെലവിന് ആനുപാതികമായി വില ലഭിക്കാത്തതും ക്ഷീര കർഷകർ ഈ മേഖലയിൽ നിന്നും പിന്മാറാൻ കാരണമായി.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്....

.........വോയ്സ്.....

✪✪✪

സംസ്ഥാനത്തെ പകൽ ചൂട് കൂടുന്നത് ഹൈറേഞ്ചിലെ കാർഷിക മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്നു. ഏലം അടക്കം നാണ്യവിളകളുടെ ഉത്പാദനത്തെ ഇത് ദോഷകരമായി ബാധിച്ചേക്കും.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ..

..........വോയ്സ്........

വേനൽ കനക്കുന്നതോടെ ഹൈറേഞ്ചിലെ കർഷകർ വലിയ ആശങ്കയിലാണ്. കഴിഞ്ഞ മാസങ്ങളിൽ ലഭിച്ച വേനൽ മഴ കൃഷിയിടങ്ങളിലെ ഈർപ്പം നിലനിർത്താൻ പര്യാപ്തമായിട്ടില്ലെന്ന് കർഷകർ പറയുന്നു. പകൽ സമയത്തെ അമിതമായ ചൂട് കാരണം മണ്ണ് വേഗത്തിൽ വരണ്ടുണങ്ങുന്നത് ജലസേചനത്തെയും പ്രതിസന്ധിയിലാക്കുന്നുണ്ട്. കൃത്യമായ നന ആവശ്യമുള്ള ഏലം കൃഷിയാണ് ഇത്തവണ ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്നത്. ജലലഭ്യത കുറഞ്ഞ ഇടങ്ങളിൽ ഏലച്ചെടികൾ കരിഞ്ഞുണങ്ങിത്തുടങ്ങിയിട്ടുണ്ട്. 2024-ലെ കടുത്ത വരൾച്ചയ്ക്ക് സമാനമായ സാഹചര്യം ഉണ്ടാകുമോ എന്നാണ് കർഷകരുടെ ഭയം. നീരുറവകളും മറ്റ് ജലസ്രോതസ്സുകളും വറ്റിവരളുന്നതും കാർഷിക മേഖലയ്ക്ക് തിരിച്ചടിയാകുന്നു. 2026-ൽ മഴ കുറയാൻ സാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾ കൂടി വന്നതോടെ വലിയ സാമ്പത്തിക തകർച്ചയാണ് കർഷകർ മുന്നിൽ കാണുന്നത്. വരും ദിവസങ്ങളിൽ കാലവർഷം കനിഞ്ഞില്ലെങ്കിൽ ഹൈറേഞ്ചിന്റെ കൃഷിഭൂമി വലിയ ഉണക്കിലേക്ക് നീങ്ങാനാണ് സാധ്യത.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader:  സയ്യിദ് അലി ശിഹാബ്*
*News Team:  അനിൽ ചന്ദ്രൻ, അനഘ*
*DEO : സി കെ സുബോധ്*